പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 290 | 11.12.2018-ലെ മറുപടിക്ക്

## റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>" വി.ടി.ബൽറാം<br>" റോജി എം. ജോൺ<br>" ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ റോഡുകളിലെ ബ്ലൈൻഡ് സ്പോട്ടുകളിൽ അപകടങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | വാഹനം ഓടിക്കുന്ന സമയത്ത് ഡ്രൈവർമാരുടെ കാഴ്ചപരിധിയിൽ പെടാത്ത സ്ഥലങ്ങളാണ് ബ്ലൈൻഡ് സ്പോട്ടുകൾ എന്നറിയപ്പെടുന്നത്. ഇത്തരം സ്ഥലങ്ങൾ ഡ്രൈവർമാരുടെ കാഴ്ച പരിധിയിൽ ഉൾപ്പെടുത്താൻ ഉതകുന്ന പരിഹാര പ്രവൃത്തികൾ റോഡ് ഉടമസ്ഥരായ വകുപ്പുകളും കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ അനുബന്ധ വകുപ്പുകളും ഏറ്റെടുത്തു നടത്തി വരുന്നുണ്ട്. കാഴ്ച മറയ്ക്കുന്ന മരച്ചില്ലകൾ നീക്കം ചെയ്യുക, രാത്രികാലങ്ങളിൽ മതിയായ കാഴ്ച ലഭ്യമാക്കാനുതകുന്ന റോഡുവിളക്കുകൾ സ്ഥാപിക്കുക, റോഡ് വശങ്ങളിൽ Retro Reflective Sheets പാകുക, സൂചികാ ബോർഡുകൾ സ്ഥാപിക്കുക, ഡിവൈഡറുകളിൽ Reflective Studs സ്ഥാപിക്കുക, വളവുകളിലെ പ്രശ്ന പരിഹാര നടപടികൾ തുടങ്ങിയവ നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | റോഡുകളിലെ ഡിവൈഡറിൽ ഇടിച്ചുണ്ടാകുന്ന അപകടങ്ങൾ കൂടുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നാലുവരിപാതകളിലാണ് സാധാരണയായി ഡിവൈഡർ സംവിധാനം ഏർപ്പെടുത്തുന്നത്. നാലുവരിപാതയുടെ തുടക്കം സൂചിപ്പിക്കും വിധം സൈൻബോർഡുകൾ സ്ഥാപിക്കുക, രാത്രികാലങ്ങളിൽ ഡിവൈഡറിന്റെ ദൃശ്യത ഉറപ്പുവരുത്തുന്നതിനായി വശങ്ങളിലും മറ്റും Retro Reflective Stud കളും Sheet കളും സ്ഥാപിക്കുക തുടങ്ങിയ പദ്ധതികളാണ് ഇതിനായി പ്രധാനമായും നടപ്പിലാക്കി വരുന്നത്. |
| (സി) | അപകടം കൂടുതലായ ഡിവൈഡറുകൾ കണ്ടെത്തി അവിടങ്ങളിൽ അപകടങ്ങൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | റോഡ് ഉടമസ്ഥരായ വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**